ഉത്തരം

ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് 28-11-2013-ലെ സ.ഉ. (പി) നമ്പർ. 580/2013/ധനപ്രകാരം ഡെപ്യൂട്ടേഷൻ സമാന സ്ഥയിൽ ഉള്ള തസ്തികകളിലേയ്ക്ക് മാത്രമേ നടത്താവൂ എന്ന് സർക്കാർ ഉത്തരവായിട്ടുള്ളത്. അതിനാൽ ഇതിൽ മാറ്റം വരുത്തേണ്ടുന്ന സാഹചര്യം നിലവിലില്ല.

സെക്രട്ടേറിയറ്റിലെ ജോലി ഭാരം

49 (54) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സെക്രട്ടേറിയറ്റിലെ ജോലിഭാരം കുറയ്ക്കുന്നതിന് ഫയലുകൾ കെട്ടിക്കിടക്കുന്ന സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷനുകൾ ഉണ്ടാക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വോട്ടിംഗ് മെഷീനിന്റെ തകരാറുകൾ

50 (55) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയിടെ നടന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്നതിന് എത്ര വോട്ടിംഗ് യന്ത്രങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി എത്ര രൂപ ചെലവഴിച്ചു എന്നും എവിടെനിന്നാണ് വാങ്ങിയത് എന്നും വിശദമാക്കുമോ ;

(സി) തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ടിംഗ് മെഷീനുകൾ കേടുവന്നതുമൂലം എത്ര ബൂത്തുകളിൽ ഒരുമണിക്കൂറിൽ അധികം വോട്ടിംഗ് തടസ്സപ്പെട്ടു എന്നും, എത്ര ബൂത്തുകളിൽ തിരഞ്ഞെടുപ്പ് സമയത്തിനുശേഷവും സമയം ദീർഘിപ്പിച്ച് നൽകേണ്ടി വന്നു എന്നും എത്ര ബൂത്തുകളിൽ വോട്ടിംഗ് മെഷീൻ കേടുവന്നതുകൊണ്ട് റീപോളിംഗ് വേണ്ടിവന്നു എന്നും ജില്ലയും ബൂത്തും തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) വോട്ടിംഗ് മെഷീനിന്റെ ഗുണമേന്മ ഉറപ്പുവരുത്തിയിരുന്നുവോ ; എങ്കിൽ ഈ സംഭവം ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ സമഗ്ര അന്വേഷണത്തിന് ഉത്തരവിടുമോ ?

ഉത്തരം

(എ) ഈയിടെ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിന് ഉപയോഗിക്കുന്നതിന് 37551 മൾട്ടിപോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വാങ്ങിയിട്ടുണ്ട്.

(ബി) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിന്റെ വിലയായ 94,48,06,630 (തൊണ്ണൂറ്റിനാല് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി ആറായിരത്തി അറുനൂറ്റി മുപ്പത്)രൂപയും ഇതിന്റെ ട്രാൻസ്പോർട്ടിംഗ് ചെലവായ 53,15,843 (അമ്പത്തിമൂന്ന് ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റി നാൽപ്പത്തിമൂന്ന്) രൂപയും ഉൾപ്പെടെ ആകെ 95,01,22,473 (തൊണ്ണൂറ്റിയഞ്ച് കോടി ഒരുലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാനൂറ്റി എഴുപത്തിമൂന്ന്) രൂപ ചെലവ് വരുന്നതിൽ 86,52,48,613 (എൺപത്തിയാറ് കോടി അമ്പത്തിരണ്ട് ലക്ഷത്തി നാൽപ്പത്തിയെണ്ണായിരത്തി അറുനൂറ്റി പതിമൂന്ന് രൂപ) ഇതുവരെ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിലെ അറ്റോമിക് എനർജി വകുപ്പിന്റെ കീഴിലുള്ളതും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകൃത സ്ഥാപനവുമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്(ECIL), ഹൈദ്രാബാദ് എന്ന സ്ഥാപനത്തിൽനിന്നുമാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വാങ്ങിയിട്ടുള്ളത്.

(സി) കൊല്ലം ജില്ലയിൽ 6 പോളിംഗ് സ്റ്റേഷനുകളിലും എറണാകുളം ജില്ലയിൽ ഒരു പോളിംഗ് സ്റ്റേഷനിലും തൃശ്ശൂർ ജില്ലയിൽ 83 പോളിംഗ് സ്റ്റേഷനുകളിലും മലപ്പുറം ജില്ലയിൽ 446 പോളിംഗ് സ്റ്റേഷനുകളിലും കണ്ണൂർ ജില്ലയിൽ 8 പോളിംഗ് സ്റ്റേഷനുകളിലും കാസറഗോഡ് ജില്ലയിൽ ഒരു പോളിംഗ് സ്റ്റേഷനിലും വോട്ടിംഗ് യന്ത്രത്തിലെ തകരാർമൂലം ഒരു മണിക്കൂറിലധികം വോട്ടിംഗ് തടസ്സപ്പെട്ടിട്ടുണ്ട്. വോട്ടെടുപ്പിന് നിശ്ചയിച്ചിട്ടുള്ള സമയം എവിടെയും ദീർഘിപ്പിച്ച് നൽകിയിട്ടില്ല. എന്നാൽ, വോട്ടെടുപ്പ് സമയം അവസാനിക്കുന്ന അഞ്ച് മണിക്ക് ക്യൂവിലുണ്ടായിരുന്നവർക്ക് വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 9 പോളിംഗ് സ്റ്റേഷനുകളിലും മലപ്പുറം ജില്ലയിൽ 105 പോളിംഗ് സ്റ്റേഷനുകളിലും വോട്ടിംഗ് യന്ത്രം തകരാറായതിനാൽ റീപോളിംഗ് നടത്തിയിട്ടുണ്ട്. റീപോളിംഗ് ഉത്തരവായ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്(ECIL) സ്ഥാപനത്തിന്റെ ക്വാളിറ്റി കൺട്രോൾ പരിശോധന കഴിഞ്ഞിട്ടാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വിതരണം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ മലപ്പുറം ജില്ലയിൽ മെഷീനുകൾ വീണ്ടും പരിശോധിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന എല്ലാ മെഷീനുകളും തിരഞ്ഞെടുപ്പിനുമുമ്പ് ഫസ്റ്റ് ലെവൽ ചെക്ക് (FLC) എന്ന നടപടി ECIL എഞ്ചിനീയർ മുഖാന്തിരം എല്ലാ ജില്ലകളിലും എല്ലാ മെഷീനുകളിലും നടത്തിയിട്ടുള്ളതാണ്. ഫസ്റ്റ് ലെവൽ ചെക്കിഗിലും അതിനുശേഷം നടത്തുന്ന മോക്ക് പോളിലും വിജയകരമെന്ന് ECIL എഞ്ചിനീയറും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും സർട്ടിഫൈചെയ്യുന്ന വോട്ടിംഗ് യന്ത്രങ്ങൾ മാത്രമേ വോട്ടെടുപ്പിന് നൽകാറുള്ളൂ. ഇതിനുശേഷം candidate setting, moke poll എന്നിവ നടത്തുകയും മോക്ക് പോളിന്റെ റിസൽട്ട് ശരിയാണെങ്കിൽ മാത്രമേ ടി മെഷീനുകൾ യഥാർത്ഥ തിരഞ്ഞെടുപ്പിന് ഉപയോഗിക്കാറുള്ളൂ. വോട്ടെടുപ്പ് തുടങ്ങുന്നതിനുമുമ്പ് പോളിംഗ് ഏജന്റുമാരുടെ സാന്നിദ്ധ്യത്തിൽ പ്രിസൈഡിംഗ് ഓഫീസർമാരും മോക്ക് പോൾ നടത്തിയിട്ടുണ്ട്. മുകളിൽപ്പറഞ്ഞ മോക്ക് പോളുകളെല്ലാം തന്നെ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലാണ് നടത്തുന്നത്. വോട്ടെടുപ്പിനുപയോഗിച്ചിട്ടുള്ള യന്ത്രങ്ങൾ കുറ്റമറ്റവയാണെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ തകരാറ് ആകാനിടയായ സാഹചര്യം വ്യക്തമല്ല.

(ഇ) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ തകരാറായത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനായി പ്രൊഫ. കെ. ആർ. ശ്രീവത്സൻ(ഇഗ്നോ യൂണിവേഴ്സിറ്റി മുൻ പ്രോ-വൈസ് -ചാൻസലർ) പ്രൊഫ. രജത് മൂന (ഡയറക്ടർ ജനറൽ, സി-ഡാക്ക്), ശ്രീ. രമണി ബി. (എക്സിക്യൂട്ടീവ് ഡയറക്ടർ, സി-ഡാക്ക്) എന്നിവരുൾപ്പെട്ട ഹൈലെവൽ ഫാക്ട് ഫൈന്റിംഗ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

51 (56) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 നവംബറിൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം നിലവിൽ വന്നത് എന്നാണ് ; പെരുമാറ്റച്ചട്ടം എന്നുമുതൽ എന്നുവരെയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly